"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് **HSD Oil (High Speed Diesel Oil)** വാങ്ങിയ പ്രവർത്തി സാധൂകരിച്ച് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**407/2025/F&P** തീയതി,തിരുവനന്തപുരം, **04-06-2025**

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **15/5/2025** ലെ **HOKMB-TVM/1062/2024-D1 (Tech)** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് **2025 February, March** എന്നീ മാസങ്ങളിൽ **1000** ലിറ്റർ **HSD Oil** വീതം ആകെ **2000** ലിറ്റർ ലഭ്യമാക്കിയ വകയിൽ **1,88,700/-** രൂപ **(94,350/-+ 94,350) M/s MATSYAFED Diesel Bunk, Beypore** എന്ന സ്ഥാപനത്തിന് അനുവദിക്കേണ്ടതുണ്ടെന്നും, ടി ബിൽ തുക ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കോഴിക്കോട് തുറമുഖ ഓഫീസർ അപേക്ഷിച്ചിട്ടുണ്ടെന്നും തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് മെഷിനറികൾക്ക് **HSD Oil** ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് **2025 February, March** എന്നി മാസങ്ങളിൽ **1000** ലിറ്റർ **HSD Oil** വിതം ആകെ **2000** ലിറ്റർ **M/s MATSYAFED Diesel Bunk,** ബേപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ കോഴിക്കോട് തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ബിൽ തുക മാറി നൽകുന്നതിന് ₹ **1,88,700/-** രൂപയുടെ ഭരണാനുമതിയും ഫണ്ടും **"5051-80-800-98-Augmentation Workshop & Stores Organisation-24 Materials and supplies"** എന്ന പദ്ധതി ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് **2025 February, March** എന്നീ മാസങ്ങളിൽ **1000** ലിറ്റർ **HSD Oil** വിതം ആകെ **2000** ലിറ്റർ **M/s MATSYAFED Diesel Bunk,** ബേപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ കോഴിക്കോട് തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ബിൽ തുക മാറി നൽകുന്നതിന് ₹ **1,88,700/-** രൂപയുടെ ഭരണാനുമതി **"5051-80-800-98-Augmentation Workshop &**

**Stores Organisation-24 Materials and supplies"** എന്ന പദ്ധതി ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU V K**

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anitha B
സെക്ഷൻ ഓഫീസർ
Date: 05-06-2025 10:13:51